(ബി) കഴിഞ്ഞ സാമ്പത്തിക വർഷം നോർക്ക-റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ കേന്ദ്രങ്ങളിൽ 38359 അപേക്ഷകൾ ലഭിക്കുകയും, 37149 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തു. അപേക്ഷകർക്ക് കേരളത്തിലെ ഏതു കേന്ദ്രത്തിൽ നിന്നും സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യാം എന്നതിൽ ജില്ല തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(സി) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനായി 385 അപേക്ഷകൾ വയനാട് ജില്ലയിൽ നിന്നും ലഭിക്കുകയും 377 അപേക്ഷകൾ തീർപ്പാക്കുകയും ചെയതിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(ഡി) സംസ്ഥാനത്ത് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്

വയനാട് ജില്ലയിലെ സൂപ്പർന്യൂമററി നിയമനങ്ങൾ

53 (1604) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ സൂപ്പർന്യൂമററി നിയമനങ്ങൾ എന്നുമുതൽ നടത്താനാരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുവരെ ജില്ലയിൽ എത്ര സൂപ്പർ ന്യൂമററി നിയമനങ്ങൾ നടത്തിയെന്നതിന്റെ വകുപ്പ്, തസ്തിക, നിയമന രീതി, ഓഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിൽ എത്ര നിയമനങ്ങൾ റഗുലറൈസ് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തതിൽ എത്ര സൂപ്പർന്യൂമററി ഒഴിവുകളിൽ ഇനി നിയമനം നടത്താനുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 24-4-2009-ലെ സ.ഉ.നം 154/09/ധന പ്രകാരമാണ് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും വിരമിക്കൽ നീയതി എല്ലാവർഷവും മാർച്ച് 31-ാം തീയതിയായി ഏകീകരിച്ചത്. വിരമിക്കൽ തീയതി ഏകീകരണം പി.എസ്.സി. നിയമനങ്ങളെ ബാധിക്കാതിരിക്കുവാൻ വേണ്ടിയാണ് പെൻഷൻ തീയതി ഏകീകരണം ഇല്ലായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ഒഴിവുകളുടെ പ്രഗോഷന തസ്തികയെ സൂപ്പർന്യൂമററിയായി സൃഷ്ടിക്കുന്നതിനും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും 4-7-2009-ലെ ജി.ഒ.(പി)നം.262/09/ധന. പ്രകാരം ഉത്തരവായത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എല്ലാ നിയമനാധി കാരികളും വകുപ്പദ്ധ്യക്ഷൻമാരും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് തുടങ്ങിയത്.

1070/2013

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) വിജ്ഞാപനം തീയതി സാമ്പത്തിക വർഷത്തിന്റെ അവസാനമായി ഏകീകരിച്ചതുമൂലം നിയമനസ്തംഭനം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് പ്രവേശന തസ്തികകൾ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള അധികാരം വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും വികേന്ദ്രീകരിച്ച് നൽകിയിട്ടുണ്ട്. നിയമനാധികാരികൾ ഒഴിവുകൾ നേരിട്ട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാൽ ഇപ്രകാരമുള്ള കണക്ക് ലഭ്യമല്ല.

വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലെ ഒഴിവുകളിലുള്ള പി.എസ്.സി. നിയമനങ്ങൾ

54 (1605) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലെ ഒഴിവുകളിൽ പി.എസ്.സി. എത്ര നിയമനങ്ങൾ വീതം ശുപാർശ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പേർക്ക് സർക്കാർ നിയമന ഉത്തരവ് നൽകിയിട്ടുണ്ട് ;

(സി) ഇതിൽ എത്ര പേർ പ്രസ്തുത തസ്തികകളിൽ ജോലിക്ക് പ്രവേശിച്ചു ;

(ഡി) ഇതിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

യോഗ്യതാ പരീക്ഷ നടത്താതെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ബോട്ട് മാസ്റ്റർമാരെ നിയമിച്ചത് സംബന്ധിച്ച്

55 (1606) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യോഗ്യതാ പരീക്ഷ നടത്താതെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർമാരെ പി.എസ്.സി. നിയമിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് ലഭ്യമായ പരാതികളിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് പഴയ വിജ്ഞാപനം റദ്ദ് ചെയ്ത് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ജലഗതാഗതവകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്യുന്നത്. അതുപ്രകാരം ബോട്ടുമാസ്റ്റർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ടു

LIBRARY ARCHIVES Kerala Legislative Assembly